# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3666** 15.05.2017- ൽ മറുപടിക്ക്

## പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് ടാറിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>,, ഡോ.എൻ. ജയരാജ്** | | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് ഉപരിതലം നിർമ്മിച്ചിട്ടുള്ള റോഡുകൾ ഉയർന്ന നിലവാരം പുലർത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) | സംസ്ഥാനത്ത് ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മി റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം.എം ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം പുതുക്കിയിട്ടുണ്ട്. ഇത്തരം റോഡുകളിൽ പോട്ട്ഹോൾ കുറയുന്നതായും റോഡിന്റെ ഈട് കൂടുതൽ ഉണ്ടായതായും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ പ്ലാസ്റ്റിക് മിശ്രണം ചെയ്ത ടാർ ഉപയോഗിച്ച് റോഡിന്റെ ഉപരിതല നിർമ്മാണം പ്രാവർത്തികമാക്കിയിട്ടില്ല. |
| (ബി) | ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ച് എത്ര ദൈർഘ്യം റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ശേഷം ബി.എം & ബി.സി പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ - ചടച്ചി - മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1 കി.മി ദൂരം വരുന്ന ബി.എം & ബി.സി ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ |

പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷം സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളിൽ പരമാവധി പ്രവൃത്തികളിൽ shredded plastic ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏകദേശം 200 കി.മി ദൈർഘ്യം വരുന്ന ഉപരിതലം shredded plastic ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ് 8P 98-2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച സാഹചര്യത്തിൽ, നടപ്പുസാമ്പത്തിക വർഷത്തിൽ ഇത്തരം റോഡുകൾ കൂടുതൽ നിർമ്മിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ് എസ്.പി 98-2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച സാഹചര്യത്തിൽ, നടപ്പുസാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ സംസ്ഥാനത്ത് 200 കി.മി റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ